**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2639** **09.05.2017 ൽ മറുപടിയ്ക്ക്**

**കാർഷികോല്പന്നങ്ങളുടെ വിപണന സംവിധാനം ശക്തിപ്പെടുത്തി വിലസ്ഥിരത ഉറപ്പാക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. ഒ.ആർ. കേളു<br>ശ്രീ. പി.ടി.എ റഹീം<br>ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. വി.എസ് സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
| (എ) കാർഷികോല്പന്നങ്ങളുടെ വിപണന സംവിധാനം ശക്തിപ്പെടുത്തി വില സ്ഥിരത ഉറപ്പാക്കാൻ എന്തെങ്കിലും പദ്ധതികളുണ്ടോ; വ്യക്തമാക്കുമോ; | (എ) കാർഷികോത്പന്നങ്ങളുടെ വിപണന സംവിധാനം ശക്തിപ്പെടുത്തി വിലസ്ഥിരത ഉറപ്പവരുത്തുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. നെല്ലിന് ന്യായവില ഉറപ്പാക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നെല്ല് സംഭരിച്ചു വരുന്നു. കേന്ദ്ര സർക്കാർ നെല്ലിന് പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില, കേരളത്തിലെ ഉൽപാദന ചെലവിനേക്കാൾ കുറവായതിനാൽ കിലോയ്ക്ക് 22.50 എന്ന ഉയർന്ന വിലയ്ക്കാണ് സംസ്ഥാന സർക്കാർ നെല്ല് സംഭരിക്കുന്നത്. കൃഷിഭവനുകൾ മുഖേന കർഷകരിൽ നിന്നും കിലോയ്ക്ക് 25/- രൂപ നിരക്കിൽ പച്ചത്തേങ്ങ സംഭരിക്കുന്നു. സഹകരണ സംഘങ്ങളേയും കോക്കനട്ട് പ്രൊഡ്യൂസിംഗ് കമ്പനികളേയും ഉൾപ്പെടുത്തി ഈ പദ്ധതി വിപുലമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി പ്രകാരം റബ്ബറിന് വിലസ്ഥിരത ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു. റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് അതാതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത കർഷകന്റെ അക്കൗണ്ടിലേക്ക് നൽകുന്നു. കൃഷി വകുപ്പിന്റെ മൊത്ത വ്യാപാര വിപണികൾ ജില്ലാ സംഭരണ കേന്ദ്രങ്ങൾ എന്നിവ മുഖേന പച്ചക്കറി കർഷകർക്ക് ഇടനിലക്കാരെ ഒഴിവാക്കി ഉൽപന്നങ്ങൾ നേരിട്ട് ലേലം ചെയ്ത് വിൽക്കാനുള്ള സൗകര്യം ലഭ്യമാണ്. ഉൽപന്നങ്ങൾ എത്തിക്കുന്നതിന് കർഷകർക്ക് ട്രാൻസ്പോർട്ട് സബ്സിഡിയും നൽകിവരുന്നു. കർഷകർ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ ന്യായമായ വില നൽകി ഹോർട്ടികോർപ്പ് മുഖേന സംഭരിച്ച് വിൽപന നടത്തി വരുന്നു. കർഷകരിൽ നിന്നുള്ള പച്ചക്കറി ഉൽപന്നങ്ങൾ വി.എഫ്.പി.സി.കെ മുഖേന സംസ്ഥാനത്തുടനീളമുള്ള 277 സ്വാശ്രയ കർഷക സമിതികളിൽ എത്തിച്ച് ലേലം ചെയ്ത് വിപണനം നടത്താൻ സഹായിക്കുന്നു. ഇക്കഴിഞ്ഞ ഓണക്കാലത്തും വിഷുവിനും കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കർഷകരിൽ നിന്നും 30% അധിക വിലനൽകി സംഭരിച്ച പഴം പച്ചക്കറികൾ പ്രത്യേകം സംഘടിപ്പിച്ച വിപണികളിലൂടെ ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ തുക കൃഷി വകുപ്പിന്റെ "വിലസ്ഥിരതയ്ക്ക് വേണ്ടി വിപണി ഇടപെടൽ പദ്ധതി" പ്രകാരമാണ് ചെലവഴിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | എളുപ്പം കേടാവുന്ന പച്ചക്കറികളും മറ്റുല്പന്നങ്ങളും ശേഖരിച്ചു വയ്ക്കാനായി ശീതീകരണ സൗകര്യത്തോടു കൂടിയ സംഭരണ സംവിധാനങ്ങൾ ഏർപ്പെടുത്താനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | കൃഷി വകുപ്പിന്റെ ആറ് മൊത്ത വ്യാപാര വിപണികളിലും ശീതീകരണ സൗകര്യത്തോടു കൂടിയുള്ള സംഭരണ കേന്ദ്രങ്ങൾ ഉണ്ട്. |
| (സി) | ജൈവ കാർഷികോല്പന്നങ്ങൾക്ക് ബ്രാൻഡിംഗ് നൽകി ഇക്കോ ഷോപ്പുകളിലൂടെ വിൽക്കാനുള്ള പദ്ധതി സംസ്ഥാനത്താകെ വിപുലമായ തോതിൽ നടപ്പിലാക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; പദ്ധതിയുടെ വിശദാംശം നൽകുമോ ? | (സി) | നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ട് സുരക്ഷിതമായ പഴം പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിന് 407 ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ക്ലസ്റ്ററുകളിൽ കൃഷിവകുപ്പിന്റെ മേൽനോട്ടത്തിലുള്ള കൃഷിക്ക് ഹെക്ടറൊന്നിന് 3000/- രൂ. നിരക്കിൽ ധനസഹായം നൽകുന്നുണ്ട്. സംസ്ഥാനത്തെ 407 ക്ലസ്റ്ററുകളിൽ നിന്നുള്ള ഉൽപന്നങ്ങൾക്ക് ജി എ പി സർട്ടിഫിക്കേഷൻ നൽകി "കേരള ഓർഗാനിക്" എന്ന ലേബലിൽ വിപണനം നടത്തി വരുന്നു<br><br>കർഷകരുടെ കൃഷിയിടങ്ങളിൽ തന്നെജൈവവളം ഉല്പാദിപ്പിക്കുന്നതിന് 1622 റിംഗ് കമ്പോസ്റ്റ് യൂണിറ്റും 1352 മണ്ണിര കമ്പോസ്റ്റ് യൂണിറ്റും ആരംഭിച്ചു. റിംഗ് കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 5000/- രൂപ വീതവും മണ്ണിരക്കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 7500/- രൂപ വീതവും ധനസഹായം നൽകി. ജൈവപച്ചക്കറി വിപണനം നടത്തുന്നതിന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി 66 ഇക്കോ ഷോപ്പുകൾ സ്ഥാപിച്ചു. ജൈവ കൃഷി നടത്തുന്ന കർഷകരിൽ നിന്നും നിന്നും പച്ചക്കറികൾ സംഭരിച്ച് ഗ്രേഡിംഗ്, പാക്കിംഗ് നടത്തി റസിഡന്റ്സ് അസോസിയേഷൻ മുഖേന ഉപഭോക്താക്കൾക്ക് വിൽപന നടത്തുന്നതിന് 18 ക്ലസ്റ്ററുകൾക്ക് 3.00 ലക്ഷം രൂപ വീതം ധനസഹായം നൽകി. ഇക്കോഷോപ്പുകൾ മുഖേന 'കേരള ഓർഗാനിക്' ഉൽപന്നങ്ങൾ വിൽപന നടത്തുന്നതിന് കിലോയ്ക്ക് 5 രൂപ നിരക്കിൽ കർഷകന് ഇൻസെന്റീവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ